

നക്സൽബാരി:

പ്രസക്തിയും പ്രാധാന്യവും

ഗോപൻ

ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ, ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ
കൂലിവേല ചെയ്യും ഞങ്ങളെന്നും കമ്മ്യൂണിസ്റ്റുകാർ
അനീതി തൻ കഴുത്തിൽ ഞങ്ങളാഞ്ഞു വെട്ടിടും
ഞങ്ങൾ നീതിതൻ പതാകയേന്തി നീങ്ങിടും
ചോര ചിന്തി ചോന്നൊരീപ്പതാകയേന്തി നീങ്ങിടും
ചോര ചിന്തി വീണവർ തൻ പാതയിലൂടെ.
കണ്ണിൽ കനവിൽ തീയുമേന്തി ഞങ്ങൾ നീങ്ങിടും
ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ,

ഞങ്ങളെന്നും കമ്മ്യൂണിസ്റ്റുകാർ

ഞങ്ങളുടെ വഴിയറിയാം തലയുയർത്തി നേരിടും
കഴുമരങ്ങൾ കണ്ടു ഞെട്ടിപ്പിൻ മടങ്ങുകില്ല ഞങ്ങൾ
ആവുകില്ല നിങ്ങൾതൻ കിരാത നീതികൾക്ക
ഞങ്ങളെത്തളർത്തുവാൻ തടുക്കുവാനൊരിക്കലും
ആവുകില്ല നിങ്ങളുടെ കൈകളാൽ മറയ്ക്കുവാൻ
ആർത്തിരമ്പിയെത്തും സൂര്യദീപ്തിയെത്തടുക്കുവാൻ
തിരുത്തുകില്ല ഞങ്ങൾ, പാത മാറിയാത്ര ചെയ്യുകില്ല
മർദ്ദനം ഭയന്നു ഞങ്ങൾ വിള്ളുകില്ലുറച്ച ചിന്തകൾ
അഖിലലോക വർഗ്ഗമാണു ഞങ്ങൾ വേല ചെയ്യുവോർ
അതിർവരമ്പുകൾ തകർത്തു ഞങ്ങളൊന്നായ് നേരിടും
ലക്ഷ്യമെത്തുവോളമീപ്പതാക ഞങ്ങളേന്തിടും
ഞങ്ങൾ കമ്മ്യൂണിസ്റ്റുകാർ,

ഞങ്ങളെന്നും കമ്മ്യൂണിസ്റ്റുകാർ

—സുബ്ബറാവു പാണിഗ്രാഹി.

നക്സൽബാരി: പ്രസക്തിയും പ്രാധാന്യവും * ഗോപൻ * മോചനം ബുക്സ്, തൃശൂർ-1 * വില: മുപ്പതു പൈസ

Naxalbari: Relevence and Importance * Gopan * Mochanam Books, * Trichur-1 * Price 30 Ps.

നക്സൽബാരി: പ്രസക്തിയും പ്രധാന്യവും

നക്സൽബാരി ഇന്നു് ഇന്ത്യയുടെ ചരിത്രത്തിന്റെ അവിഭാജ്യഘടകമായിത്തീർന്നിരിക്കുന്നു. ആ പദം, വിപ്ലവബോധമുള്ള ജനങ്ങൾക്കു് ആവേശം പകരുമ്പോൾ ജനശത്രുക്കളിൽ ഞെട്ടലുളവാക്കുന്നു. എന്താണതിനു് കാരണം? ഇന്ത്യയുടെ ചരിത്രത്തിൽ നാളിതുവരെ നടന്നിട്ടുള്ള വർഗ്ഗസമരത്തിന്റെ ഏററവും ഉയന്ന രൂപമായി നക്സൽബാരി നിലകൊള്ളുന്നു; വിട്ടുവീഴ്ചയില്ലാത്ത വർഗ്ഗസമരത്തിന്റെ പ്രതീകമായി അതു് ഉയന്നു നിൽക്കുന്നു.

പശ്ചിമബംഗാളിന്റെ വടക്കേ അററത്തു് നേപ്പാളതിർത്തിയുമായി തൊട്ടുസ്ഥിതിചെയ്യുന്ന തന്ത്രപ്രധാനമായ ഡാർജിലിങ്ങ് ജില്ലയിലെ സിലിഗുരി സബ്ഡിവിഷനിൽപ്പെട്ട ഒരു ഗ്രാമമാണു് നക്സൽബാരി. ആരും അറിയാതെ കിടന്നിരുന്ന ഈ കുഗ്രാമം 1967 മേയ് ജൂൺ മാസങ്ങളിൽ ഇന്ത്യയിലെ മുഴുവൻ ജനങ്ങളുടെയും മാത്രമല്ല, ലോകജനതയുടെ തന്നെ ശ്രദ്ധ പിടിച്ചുപററുകയുണ്ടായി. ഇത്ര പെട്ടെന്നു് അതിപ്രസിദ്ധമാക്കിത്തീർക്കുവിധം എന്താണു് ആ ഗ്രാമത്തിൽ നടന്നതു്? ഇന്ത്യയുടെ സമകാലീന ചരിത്രം മുഴുവനും ആ ഗ്രാമത്തിനു പിന്നിൽ കുമിഞ്ഞുകൂടി എന്നതാണ് വാസ്തവം. അതിന്റെ ഫലമായുണ്ടായ പൊട്ടിത്തെറിയാണു് നക്സൽബാരിയെ ശ്രദ്ധേയമാക്കിത്തീർത്തതു്. അവിടെ നടന്ന സംഭവപരമ്പരകളുടെ വലിപ്പച്ചെറുപ്പമോ ജയാപജയങ്ങളോ അല്ല, മറിച്ചു് ഇന്ത്യയുടെ ചരിത്രത്തിന്റെ വികാസഗതിയിൽ അവ നിർവ്വഹിച്ച നിർണ്ണായകമായ പങ്കാണു് നക്സൽബാരിയെ ചരിത്രപ്രധാനമാക്കിത്തീർത്തതു്.

പശ്ചാത്തലം

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കൊളോണിയൻ ചൂഷണത്തിനും മർദ്ദനത്തിനുമെതിരായ ഇന്ത്യൻ ജനതയുടെ വിമോചനസമരത്തെ ബോധപൂർവ്വം തല്ലിക്കെടുത്താനായി സാമ്രാജ്യവാദികൾ ആസൂത്രണം

ചെയ്തു് പടച്ചുണ്ടാക്കിയ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് അതിന്റെ കടമ ഭംഗിയായി നിർവ്വഹിച്ചു. ഇന്ത്യയിലെ വിപ്ലവ ജനത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി ആഞ്ഞടിക്കാനായി ഉയിർത്തെഴുന്നേറ്റപ്പോഴെല്ലാം ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഇന്ത്യൻ ജനതയുടെ പിന്നിൽ നിന്നു കുത്തുകയും ആ സമരങ്ങളെയെല്ലാം പരാജയപ്പെടുത്തുകയും ചെയ്തു. ബ്രിട്ടീഷ് സാമ്രാജ്യവാദികളുടെ പാദസേവകരായിരുന്ന ഇന്ത്യൻ പിന്തിരിപ്പൻ വർഗ്ഗങ്ങളുടെ രാഷ്ട്രീയ പ്രതിനിധിയായിരുന്ന ആ സംഘടനയ്ക്കു് അതേ ചെയ്യാൻ കഴിയുമായിരുന്നുള്ളു. ഒക്ടോബർ വിപ്ലവത്തിനുശേഷമുള്ള പുതിയ യുഗത്തിൽ സാമ്രാജ്യത്വവിരുദ്ധ യുദ്ധത്തിനു് നേതൃത്വം നൽകാൻ കോളനികളിലെ ബൂർഷ്വാസിക്കു് കഴിയുകയില്ലെന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ് കാഴ്ചപ്പാടു് തികച്ചും ശരിയാണെന്നു തെളിയിക്കുന്ന വിധത്തിലാണു് ഇന്ത്യൻ ദേശീയ വിമോചനസമരത്തിന്റെ വികാസം നടന്നതു്. തൊഴിലാളിവർഗ്ഗവും അതിന്റെ മുന്നണിപ്പടയായ കമ്മ്യൂണിസ്റ്റ് പാർട്ടിയുമാണു് യഥാർത്ഥത്തിൽ സാമ്രാജാത്വവിരുദ്ധ സമരത്തിന്റെ നേതൃത്വം ഏറ്റെടുക്കേണ്ടിയിരുന്നതു്. എന്നാൽ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വം സാമ്രാജ്യദാസന്മാരായ ഇന്ത്യൻ പിന്തിരിപ്പൻ വർഗ്ഗങ്ങളുടെ ഒരു വാലായി അധഃപതിക്കുകയാണുണ്ടായതു്. അതുകൊണ്ടു് അവർ ഇന്ത്യയിലെ സാമ്രാജ്യത്വ വിരുദ്ധ സമരത്തിൽ ഇന്ത്യൻ ജനതക്കു് നേതൃത്വം നൽകാൻ മുന്നോട്ടു വന്നില്ലെന്നു മാത്രമല്ല, ആ സമരത്തെ തുരങ്കം വെക്കാനായി സാമ്രാജ്യത്വ ഏജന്റന്മാരുടെ വഞ്ചനയ്ക്കു് കൂട്ടു നില്ക്കുക കൂടി ചെയ്യുകയാണുണ്ടായതു്.

ഇങ്ങിനെ വിവിധ രൂപത്തിൽ വഞ്ചിക്കപ്പെട്ടിട്ടും ഇന്ത്യൻ ജനതയുടെ സാമ്രാജ്യത്വവിരുദ്ധ സമരം കെട്ടടങ്ങിയില്ല. ഒരു കേന്ദ്രീകൃത നേതൃത്വത്തിൻ കീഴിലല്ലെങ്കിലും അതു് പല തലങ്ങളിലായി, വിപ്ലവബോധമുള്ള തൊഴിലാളികളുടെയും കർഷകരുടെയും വിദ്യാർത്ഥികളുടേയും സൈനികരുടേയും മുൻകയ്യോടെ ആഞ്ഞടിച്ചുകൊണ്ടിരുന്നു. 1940 കളിൽ പൂർവ്വാധികം ശക്തി പ്രാപിച്ചുവന്ന ഈ സമരങ്ങളും ആഗോള തലത്തിൽതന്നെ സാമ്രാജ്യത്വത്തിന്നെതിരായി ഇരമ്പിക്കയറിക്കൊണ്ടിരുന്ന വിമോചനസമരങ്ങളും ലോകസാമ്രാജ്യത്വത്തെ അടിയറവു പറയിപ്പിക്കുന്ന ഘട്ടമെത്തി. പഴയ രീതിയിലുള്ള കൊളോണിയലിസം

ത്തുടർന്നുകൊണ്ടുപോവുക അസാദ്ധ്യമാണെന്നു കണ്ട സാമ്രാജ്യത്വം പുത്തൻ കൊളോണിയലിസത്തിനു് രൂപം നൽകി. കോളനികളിലെ സാമ്രാജ്യത്വദാസന്മാരായ പിന്തിരിപ്പൻ വർഗ്ഗങ്ങളുടെ കയ്യിൽ രാഷ്ട്രീയാധികാരം ഏല്പിച്ചുകൊടുക്കുകയും അവരിലൂടെ പരോക്ഷമാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ടു് കൊളോണിയൽ ചൂഷണം തുടരുകയും ചെയ്യുക എന്നതാണു് പുത്തൻ കൊളോണിയലിസത്തിന്റെ രീതി. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നു് സാമ്രാജ്യത്വ ശക്തികൾ ബഹുഭൂരിപക്ഷം കോളനികൾക്കും ഈ രീതിയിലുള്ള 'സ്വാതന്ത്ര്യം' നൽകിയ കൂട്ടത്തിൽ ഇന്ത്യയിലെ ജന്മിമാരും ദല്ലാൾ ഉദ്യോഗസ്ഥമേധാവി ബൂർഷ്വാസിയും ഉൾപ്പെടുന്ന പിന്തിരിപ്പൻ ഭരണവർഗ്ഗങ്ങൾക്കു് 1947-ൽ അവർ അധികാരം കൈമാററി. ഇന്ത്യയിലെ "കമ്മ്യൂണിസ്റ്റു്" നേതൃത്വം ഈ അധികാര കൈമാററത്തിനു് സ്തുതിപാടി. അങ്ങിനെ കൊളോണിയലും അർദ്ധഫ്യൂഡലുമായിരുന്ന ഇന്ത്യ അർദ്ധകൊളോണിയലും അർദ്ധഫ്യൂഡലുമായ ഒരു രാജ്യമായി മാറി.

പക്ഷെ, ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാർ നേതൃത്വത്തിന്റെ വഞ്ചനക്കു് പൂർണ്ണമായി വഴങ്ങിക്കൊടുത്തില്ല. ആന്ധ്രയിലെ തെലുങ്കാന, അവിടത്തെ കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ സാമ്രാജ്യത്വ വിരുദ്ധ ഫ്യൂഡൽ വിരുദ്ധസമരത്തിന്റെ കേന്ദ്രമായി മാറി. അവിടെ കർഷകർ ജന്മിമാർക്കെതിരായും പിന്നീടു് ഇന്ത്യൻ ഭരണകൂടത്തിനെതിരായും ആയുധമെടുത്തു പോരാടി. വിശാലമായ വിമോചിതമേഖലകൾ സൃഷ്ടിച്ചു. ചൈനീസ് വിപ്ലവത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടു് ഇന്ത്യയിലെ പുത്തൻ ജനാധിപത്യ വിപ്ലവത്തിനു് അവർ ആരംഭം കുറിച്ചു. പക്ഷേ, സാമ്രാജ്യത്വത്തിന്റെ വിശ്വസ്തദാസന്മാരെന്നു തെളിയിക്കപ്പെട്ട ഇന്ത്യൻ കമ്മ്യൂണിസ്റ്റു് നേതൃത്വം ഐതിഹാസികമായ ആ സായുധകർഷകസമരത്തെ ചോരയിൽ മുക്കിക്കൊന്നു. നെഹ്റുവിന്റെ നേതൃത്വത്തിൽ സ്ഥാപിതമായിരുന്ന ദല്ലാൾ ഭരണകൂടത്തിന്റെ മൃഗീയമായ അടിച്ചമർത്തലിനെ അതിജീവിച്ചുകൊണ്ടു് നിലനില്ക്കുകയും തിരിച്ചടികളെ തരണം ചെയ്തുകൊണ്ടു് മുന്നേറാൻ ശ്രമിക്കുകയും ചെയ്തിരുന്ന തെലുങ്കാനാ സമരത്തെ അവർ ഏകപക്ഷീയമായി പിൻവലിച്ചു. ധീരരായ കർഷകപോരാളികളെ ശത്രുവർഗ്ഗങ്ങളുടെ മുന്നിൽ നിരായുധരാക്കി വലിച്ചെറിഞ്ഞു. ആ ധീരപോരാ

ളികളിൽ പലരും ആയുധം താഴെ വെക്കാൻ തയ്യാറായില്ലെങ്കിലും, പ്രത്യയശാസ്ത്രപരമായും രാഷ്ട്രീയമായും വേണ്ടത്ര കെട്ടുറപ്പ് ഉണ്ടാകാതിരുന്നതുകൊണ്ട് അവർക്ക് നേതൃത്വത്തിന്റെ വഞ്ചനയെ അതിജീവിക്കാൻ കഴിഞ്ഞില്ല.

തെലുങ്കാനാ സമരത്തെ വഞ്ചിച്ച നേതൃത്വം 1961-ലെ നയപ്രഖ്യാപനത്തിലൂടെ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ പാർലമെന്ററിസത്തിന്റെ ചളിക്കുണ്ടിലേക്ക് വലിച്ചിഴച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി പൂർണ്ണമായും മററു ബൂർഷ്വാ പാർട്ടികളുടെ നിലവാരത്തിലേക്ക് അധഃപതിച്ചു. 1960-കളിൽ സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലുണ്ടായ രൂക്ഷമായ ആശയസമരത്തിന്റെ പശ്ചാത്തലത്തിൽ 1964-ൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിലുണ്ടായ പിളർപ്പ് യഥാർത്ഥത്തിൽ ആ പ്രത്യയശാസ്ത്രസമരവുമായി ബന്ധപ്പെട്ടതായിരുന്നില്ല. മറിച്ച് ഇന്ത്യൻ ഭരണവർഗ്ഗങ്ങളെ എങ്ങിനെ ഫലപ്രദമായി സേവിക്കാം എന്നതിനെക്കുറിച്ചുള്ള തർക്കമായിരുന്നു പിളർപ്പിന്നടിസ്ഥാനം.

പിളർപ്പിനെത്തുടർന്ന് രൂപീകൃതമായ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു യഥാർത്ഥ വിപ്ലവ പാർട്ടിയാണെന്ന് അണികളെ തെററിദ്ധരിപ്പിക്കുകയും വിപ്ലവബോധമുള്ള അണികളെ അതിലേക്ക് ആകർഷിക്കുകയും ചെയ്തുവെങ്കിലും, 1964-ൽ നടന്ന അതിന്റെ കൽക്കത്താ കോൺഗ്രസ്സ് അംഗീകരിച്ച പരിപാടി, പഴയ തിരുത്തൽവാദ ലൈനിൽനിന്ന് അത് അല്പംപോലും വ്യതിചലിച്ചിട്ടില്ലെന്ന് വ്യക്തമാക്കുകയുണ്ടായി. ഇത് മനസ്സിലാക്കിയ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വിപ്ലവകാരികൾ ഇന്ത്യൻ വിപ്ലവത്തിന്റെ ശരിയായ പാത കണ്ടെത്താനുള്ള ശ്രമം സ്വന്തം നിലക്ക് ആരംഭിച്ചു.

സഖാവ് ചാരുമജുംദാരുടെ നേതൃത്വം

1940കളുടെ ആരംഭംമുതൽ കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ ഒരു സജീവപ്രവർത്തകനായിരുന്ന സഖാവ് ചാരുമജുംദാർ 1964-ലെ പിളർപ്പിനെത്തുടർന്ന് മാർക്സിസ്റ്റ് പാർട്ടി അംഗമായിത്തീർന്നുവെങ്കിലും

ആ പാർട്ടിയുടെ പൊള്ളത്തരം അതിവേഗം അദ്ദേഹം കണ്ടെത്തി. സർവ്വദേശീയതലത്തിൽ നടന്നുകൊണ്ടിരുന്ന ആശയസമരത്തിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി ഉയർത്തിപ്പിടിച്ചിരുന്ന വിപ്ലവലൈനിന്റെ പ്രാധാന്യം അദ്ദേഹം ഉൾക്കൊണ്ടു. ആ പശ്ചാത്തലത്തിൽ ചൈനീസ് വിപ്ലവത്തിന്റെയും തെലുങ്കാനാ സമരത്തിന്റെയും അനുഭവങ്ങൾ സമാർജ്ജിച്ചുകൊണ്ട് ഇന്ത്യൻ വിപ്ലവത്തിന് സായുധസമരത്തിന്റെ പാതയിലൂടെ മാത്രമേ മുന്നേറാനാകൂ എന്ന വസ്തുത സഖാവ് മജ്ജുംദാറും സഹപ്രവർത്തകരും കണ്ടെത്തി. അവർ പാർട്ടിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ ഈ കാഴ്ചപ്പാട് പ്രചരിപ്പിക്കാൻ തുടങ്ങി. ഡാർജലിംഗ് ജില്ലയിലെ സില ഗുരി കേന്ദ്രമാക്കി പ്രവർത്തിച്ചുകൊണ്ടിരുന്ന അവരിൽ പലരേയും പാർട്ടി പുറത്താക്കുകയുണ്ടായെങ്കിലും പാർട്ടിക്കകത്തും പുറത്തും നിന്നുകൊണ്ട് കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾ തങ്ങളുടെ പ്രവർത്തനം തുടർന്നുകൊണ്ടിരുന്നു.

സിദ്ധാന്തതലത്തിലും പ്രായോഗികതലത്തിലും ഈ പ്രവർത്തനങ്ങൾ നടന്നിരുന്നു. ഈ കാലഘട്ടത്തിൽ സിദ്ധാന്തതലത്തിൽ നടന്ന പുതിയ സംഭാവനകൾ 1965 മുതൽ 1967 ഏപ്രിൽവരെ സഖാവ് ചാരുമജ്ജുംദാർ എഴുതിയ ചരിത്രപ്രധാനമായ എട്ടു രേഖകളിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. നക്സൽബാരിസമരത്തിന് സൈദ്ധാന്തികമായ അടിസ്ഥാനമേകിയതും ഈ ലേഖനങ്ങളാണ്. നക്സൽബാരിയിലെ സമരത്തിന്റെ പ്രശ്നങ്ങൾ മാത്രമല്ല, ഇന്ത്യൻ വിപ്ലവം അഭിമുഖീകരിക്കുന്ന മുഴുവൻ പ്രശ്നങ്ങളും അവയിൽ പരിശോധിക്കപ്പെട്ടു. ഇന്ത്യൻ വിപ്ലവത്തിന്റെ ശരിയായ പാത കണ്ടുപിടിക്കാനുള്ള ലക്ഷ്യബോധത്തോടുകൂടിയ ശ്രമങ്ങളാണ് ആ ലേഖനങ്ങളിൽ കാണാൻ കഴിയുന്നത്. ഇന്ത്യ ഒരു അർദ്ധകൊളോണിയൽ‌-അർദ്ധഫ്യൂഡൽ രാജ്യമാണെന്നും ചൈനീസ് വിപ്ലവത്തിന്റെ പാതയിലധിഷ്ഠിതമായ ജനകീയ യുദ്ധത്തിന്റെ മാർഗ്ഗത്തിലൂടെ മാത്രമെ ഇന്ത്യൻ വിപ്ലവത്തിനു മുന്നേറാനാകൂ എന്നും ആ ലേഖനങ്ങൾ വ്യക്തമാക്കി. സായുധവിപ്ലവത്തിന്റെ പാത സ്വീകരിക്കുന്ന ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരു രഹസ്യപാർട്ടിയായി സംഘടിക്കാൻ എങ്ങിനെ കഴിയും എന്ന പ്രായോഗിക പ്രശ്നവും അവയിൽ പരിശോധിക്കപ്പെടുകയുണ്ടായി. എന്തെല്ലാം വിധത്തിലാണ് സായുധസമരത്തിന്റെ രൂപങ്ങൾ ആവിഷ്കരിക്കാൻ

കഴിയുകയെന്നും ബഹുജനസമരങ്ങളുമായി അവയെ എങ്ങിനെ കൂട്ടിയിണക്കാൻ കഴിയുമെന്നും അവയിൽ പരിശോധിക്കപ്പെട്ടിരിക്കുന്നു.

സൈദ്ധാന്തികമായ ഈ അന്വേഷണങ്ങൾ പ്രയോഗവുമായി അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടാണ് നടന്നിരുന്നത്. 1965 മുതൽക്കുതന്നെ സിലിഗുരി പ്രദേശത്ത് പുതിയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഒരു വിപ്ലവപ്രസ്ഥാനം കെട്ടിപ്പടുക്കാനുള്ള നടപടികൾ ആരംഭിച്ചിരുന്നു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം കാർഷിക വിപ്ലവം കാതലായുള്ള പുത്തൻ ജനാധിപത്യവിപ്ലവമാണ് ഇന്നത്തെ വിപ്ലവത്തിന്റെ ഘട്ടം. കർഷകജനതയും ഫ്യൂഡലിസവും തമ്മിലുള്ളതാണ് ഈ കാലഘട്ടത്തിലെ മുഖ്യവൈരുദ്ധ്യം. ഈ വൈരുദ്ധ്യം രൂക്ഷമായിട്ടുള്ളിടങ്ങളിലാണ് സമരം ആരംഭിക്കാനുള്ള സാദ്ധ്യതയുള്ളത്. സിലിഗുരി പ്രദേശത്തെ ഗ്രാമങ്ങളിൽ ഈ വൈരുദ്ധ്യം രൂക്ഷമായിത്തന്നെ നിലകൊള്ളുന്നുണ്ട്. കൂടാതെ രൂക്ഷമായ ചൂഷണം അനുഭവിക്കുന്ന വളരെയധികം തോട്ടം തൊഴിലാളികളും അവിടെയുണ്ട്. പുതിയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിക്കുന്നതിലാണ് കമ്മ്യൂണിസ്ററ വിപ്ലവകാരികൾ ശ്രദ്ധ കേന്ദ്രീകരിച്ചത്. ഒന്നു രണ്ടു വർഷം കൊണ്ട്, നാമമാത്രമായി അവിടെയുണ്ടായിരുന്ന കർഷകപ്രസ്ഥാനത്തെ, അവിടത്തെ യൊണ്ണൂറു ശതമാനത്തിലധികം കർഷകരെയും ഉൾക്കൊള്ളുന്ന സജീവമായ ഒരു പ്രസ്ഥാനമാക്കി മാററാൻ അവർക്കു കഴിഞ്ഞു. ഓരോ ഗ്രാമത്തിലും രഹസ്യമായ പാർട്ടിയൂണിററുകളും വിപ്ലവകർഷക കമ്മിററികളും രൂപികരിക്കപ്പെട്ടു.

സമരത്തിന്റെ ആരംഭം

1967 ആരംഭത്തിൽ പശ്ചിമബംഗാളിൽ മാർക്സിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിലുള്ള ഐക്യമുന്നണി അധികാരത്തിൽ വന്ന സന്ദർഭത്തിൽ നക്സൽബാരി ഗ്രാമംകൂടി ഉൾപ്പെടുന്ന സിലിഗുരി പ്രദേശത്ത് കമ്മ്യൂണിസ്ററ വിപ്ലവകാരികളുടെ നേതൃത്വത്തിലുള്ള കർഷകപ്രസ്ഥാനം ഒരു പ്രബലശക്തിയായി മാറിക്കഴിഞ്ഞിരുന്നു. കർഷകർ തങ്ങളുടെ രാഷ്ട്രീയാധികാരം സ്ഥാപിക്കാനുള്ള സമരവുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചു. ഓരോ ഗ്രാമങ്ങളിലും വിപ്ലവ കമ്മിററികളുടെ മുൻ

കയ്യാടെ ജനകീയ കോടതികൾ സ്ഥാപിക്കുകയും ജന്മിമാരേയും മററു ചൂഷകരേയും പരസ്യമായി വിചാരണ ചെയ്യാൻ തുടങ്ങുകയും ചെയ്തു. പലർക്കും പല രീതിയിലുള്ള ശിക്ഷകൾ വിധിച്ചു. ചിലരുടെ ഭൂമിയും സ്വത്തുക്കളും കണ്ടുകെട്ടി. ചിലർക്കു് വധശിക്ഷ വിധിച്ചു. ചിലതു് നടപ്പാക്കുകയും ചെയ്തു ഓരോ ഗ്രാമത്തിലും വിപ്ലവ–കർഷക കമ്മിററികൾ ജനകീയ രാഷ്ട്രീയാധികാരത്തിന്റെ കേന്ദ്രങ്ങളായി മാറാൻ തുടങ്ങി. ഗ്രാമത്തിലെ ഭൂമി മുഴുവനു പിടിച്ചെടുത്തു് പുനർവിതരണം ചെയ്യുന്ന കടമ ഈ വിപ്ലവ കമ്മിററികൾ നിറവേററാൻ തുടങ്ങി. ഈ പ്രസ്ഥാനം വ്യാപകമാവുകയും ശക്തിപ്പെടുകയും ചെയ്തതോടെ പല ജന്മിമാരും ധനികകർഷകരും ഗ്രാമങ്ങൾ വിട്ടു് പട്ടണങ്ങളെ അഭയം പ്രാപിച്ചു.

കർഷകരുടെ ഈ മുന്നേററത്തിനു മുന്നിൽ ശത്രുക്കൾ നിശബ്ദരായി നോക്കിനിന്നില്ല. “മാർക്സിസ്ററു”കാരുടെ നേതൃത്വത്തിലുള്ള ഗവൺമെണ്ടിന്റെ തനിനിറം പുറത്തുവരാൻ അധികസമയം വേണ്ടിവന്നില്ല. കർഷകരുടെ പ്രകടനത്തിനുനേരെ പോലീസ് നടത്തിയ വെടിവെപ്പിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടെ 11 പേർ കൊല്ലപ്പെട്ടു. അതിനിടക്കു് മാർക്സിസ്ററ് മന്ത്രി ഒത്തുതീർപ്പിനു് ശ്രമം നടത്തിനോക്കി. പക്ഷേ, വർഗ്ഗസമരത്തിൽ ഒത്തുതീർപ്പില്ലന്നു് വിപ്ലവകാരികൾ വ്യക്തമാക്കി. കർഷകർ ന്യായമായ കാര്യങ്ങൾ മാത്രമാണു് ചെയ്തിരുന്നതു്. അതിൽ യാതൊരുവിധ ഒത്തുതീർപ്പിന്റെയും ആവശ്യമില്ല. പ്രസ്ഥാനത്തെ എളുപ്പത്തിൽ തകർക്കാൻ കഴിയില്ലെന്നു കണ്ടപ്പോൾ ഐക്യമുന്നണി ഗവൺമെൻറ് അർദ്ധസൈനിക വിഭാഗങ്ങളെ അയച്ചു് നിഷ്ഠുരമായി പ്രസ്ഥാനത്തെ അടിച്ചമർത്താൻ തുടങ്ങി. കർഷകരും പോലീസും തമ്മിൽ പല ഏററുമുട്ടലുകളുണ്ടായി. ഏതാനും പോലീസുകാരും കുറച്ചു കർഷകരും കൊല്ലപ്പെട്ടു രണ്ടുമൂന്നു മാസങ്ങൾക്കുള്ളിൽ പ്രമുഖ പ്രവർത്തകരിലധികവും അറസ്ററു ചെയ്യപ്പെട്ടു. ശേഷിക്കുന്നവർ ഒളിവിൽ പോകേണ്ടതായും വന്നു. അങ്ങിനെ പ്രസ്ഥാനം താല്ക്കാലികമായി അടിച്ചമർത്തപ്പെട്ടു എന്നുതന്നെ പറയാം.

പ്രസ്ഥാനത്തിന്റെ ഈ അന്ത്യം യഥാർത്ഥത്തിൽ സമരത്തിന്റെ ആരംഭമായിരുന്നു. 67 ജൂലൈ 5-ാംനു- പീക്കിങ്ങു് റേഡിയോ ഈ

സമരത്തെക്കുറിച്ചു് ഒരു വിലയിരുത്തൽ പ്രക്ഷേപണം നടത്തി. നക്സൽബാരി സമരം "ഇന്ത്യൻ ചക്രവാളത്തിൽ വസന്തത്തിന്റെ ഇടിമുഴക്ക"മാണെന്നും അതു് പ്രഖ്യാപിച്ചു. ഇന്ത്യൻ വിപ്ലവത്തിന്റെ ശരിയായ പാത ഇന്ത്യയുടെ മണ്ണിൽത്തന്നെ തുറക്കപ്പെട്ടിരിക്കയാണെന്നും അതു് വിശദീകരിച്ചു. സി. പി. സി. യുടെ ഈ പ്രോത്സാഹനം ഇന്ത്യയിലെമ്പാടുമുള്ള കമ്മ്യൂണിസ്ററ വിപ്ലവകാരികൾക്കു് ആവേശം നല്കി. മാത്രമല്ല, അവരെ ഒന്നിപ്പിക്കാനുള്ള ഒന്നാന്തരം അവസരവും അതു് സൃഷ്ടിച്ചു.

ചരിത്രപരമായ പ്രസക്തി

ഇവിടെയാണു് നക്സൽബാരിസമരത്തിന്റെ ചരിത്രപരമായ പ്രാധാന്യം കുടികൊള്ളുന്നതു്. 1967 ഇന്ത്യയുടെ ചരിത്രത്തിൽ പലതുകൊണ്ടും സവിശേഷപ്രാധാന്യമുള്ള ഒരു വഴിത്തിരിവിന്റെ ഘട്ടമായിരുന്നു. 1947 നു് ശേഷം വളർന്നുവന്നുകൊണ്ടിരുന്ന സാമ്പത്തിക പ്രതിസന്ധി അങ്ങേ അററം മൂർച്ഛിക്കുകയും അതിന്റെ ഫലമായ രാഷ്ട്രീയ അനിശ്ചിതത്വം രൂക്ഷമാവുകയും ചെയ്തതു് 1967 ലായിരുന്നു. ഈ പ്രതിസന്ധി തരണം ചെയ്യാനുള്ള അന്വേഷണങ്ങൾ എല്ലാ ഭാഗത്തുനിന്നും ആരംഭിച്ചിരുന്നു. കൂടാതെ ഇന്ത്യയിൽ ആധിപത്യം സ്ഥാപിക്കാനായി സോവിയററ് സോഷ്യൽ സാമ്രാജ്യത്വം നുഴഞ്ഞുകയററം ആരംഭിച്ചിരുന്നതു് ഭരണവർഗ്ഗങ്ങൾക്കിടയിലെ വൈരുദ്ധ്യത്തെ മൂർച്ഛിപ്പിക്കുകയും ചെയ്തിരുന്നു. സാമ്പത്തികവും രാഷ്ട്രീയവുമായ ഈ പ്രതിസന്ധിയുടെ പ്രതിഫലനങ്ങൾ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രകടമായി കാണാമായിരുന്നു. കമ്മ്യൂണിസ്ററ നേതൃത്വം തങ്ങളെ വഞ്ചിക്കുകയായിരുന്നു എന്ന ബോധം വിപ്ലവബോധമുള്ള ജനങ്ങളിൽ വ്യാപകമായി പടർന്നു പിടിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ പുതിയ മാർഗ്ഗങ്ങളെക്കുറിച്ചു് ചിന്തിക്കാൻ അവർ ധൈര്യപ്പെട്ടു തുടങ്ങിയിരുന്നു. ഇതു് ഏതെങ്കിലും ചില കോണിൽ മാത്രമായി ഒതുങ്ങിനിന്ന ഒരു പ്രത്യേകതയായിരുന്നില്ല; മറിച്ചു് രാജ്യവ്യാപകമായ ഒരു പ്രതിഭാസം തന്നെയായിരുന്നു അതു്.

പടിപടിയായി വളർന്നുവന്ന ഈ ചരിത്രസാഹചര്യത്തിന്റെ സൃഷ്ടിയായിരുന്നു നക്സൽബാരിസമരം, ഇന്ത്യയിലെ വിപ്ലവശക്ത

കളുടെ മുന്നിൽ ഉയർന്നുവന്ന അടിയന്തിര പ്രാധാന്യമർഹിക്കുന്ന ചോ
ദ്യത്തിനുള്ള ഉത്തരമായിരുന്നു അതു്. ഇന്ത്യയുടെ ചരിത്രംതന്നെ സൃ
ഷ്ടിച്ച സാഹചര്യങ്ങൾക്കു് അതേ ചരിത്രംതന്നെ നൽകിയ ഉത്തരം.
ഈ ചരിത്രപരമായ പ്രസക്തിയാണു് ഇന്ത്യയിൽ സമീപകാലത്തു് ന
ടന്നിട്ടുള്ള സംഭവങ്ങളിൽവെച്ചു് ഏററവും ചരിത്രപ്രധാനമായ സംഭ
വമായി നക്സൽബാരിയെ ഉയർത്തിയതു്. ഈ ചരിത്രയാഥാർത്ഥ്യ
ങ്ങൾ കണ്ണു തുറന്നു് നോക്കികാണാൻ കഴിയാത്തതുകൊണ്ടാണു് തിരു
ത്തൽവാദികളും മററും നക്സൽബാരിക്കു ലഭിച്ച ചരിത്രപരമായ
പ്രധാന്യം കണ്ടു് അമ്പരന്നു നില്ക്കുന്നതു്. ഒരു സംഭവമെന്ന നില
ക്കു്, സംഘട്ടനത്തിന്റെ വ്യാപ്തിയും കൊല്ലപ്പെട്ടവരുടെ എണ്ണവും
മററും നോക്കുമ്പോൾ നക്സൽബാരി സമരം, ഇന്ത്യയിൽ നടന്നിട്ടു
ള്ള പല സമരങ്ങളെയും അപേക്ഷിച്ചു് ചെറുതും അപ്രധാനവുമാണു്.
എന്നിട്ടും അവയെക്കാളെല്ലാം പതിന്മടങ്ങു് ചരിത്രപ്രാധാന്യം നക്സൽ
ബാരിക്കു് 'ലഭിച്ചതു്' എന്തുകൊണ്ടാണെന്നു് തിരുത്തൽവാദികൾക്കും
പിടികിട്ടുന്നില്ല. ഇന്ത്യാ ചരിത്രത്തിന്റെ ശരിയായ വികാസഗതി
ഏതു ദിശയിലൂടെയാണെന്നു് അവർക്കു് മനസ്സിലാക്കാൻ കഴിയില്ലെ
ന്നതുകൊണ്ടു് ഇതിന്റെ രഹസ്യം അവർക്കു് ഒരിക്കലും പിടികിട്ടുക
യുമില്ല. ഓരോ രാജ്യത്തിന്റെയും ചരിത്രത്തിൽ ഇതുപോലുള്ള സംഭ
വങ്ങൾ ഉണ്ടാകാറുണ്ടു്. രാജ്യത്തെ മൊത്തത്തിൽ ബാധിക്കുന്ന സാമ്പ
ത്തികവും രാഷ്ട്രീയവുമായ പ്രതിസന്ധി മൂർച്ഛിക്കുമ്പോൾ അവ
യെ തരണം ചെയ്യാനുള്ള മാർഗ്ഗം പലപ്പോഴും പ്രാദേശികമായ ചെറി
യ സംഭവങ്ങളിലൂടെയാണു് ഉരുത്തിരിഞ്ഞു വരിക. അതോടുകൂടി ആ
സംഭവം രാജ്യത്തിന്റെ മൊത്തം വികാസദിശയുടെ പ്രതീകമായി
മാറും. രൂപംകൊണ്ടുവരുന്ന ആ പ്രത്യേക ചരിത്രസാഹചര്യവുമായി
പ്രസ്തുത സംഭവത്തിനുള്ള ബന്ധമാണു് അതിനെ ചരിത്രപ്രധാനമാക്കി
ത്തീർക്കുന്നതു്. 1967_ൽ സംജാതമായ സവിശേഷമായ ചരിത്രസാ
ഹചര്യവുമായി അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടാണു് നക്സൽബാ
രി ഉടലെടുത്തതു് എന്നതുകൊണ്ടാണു് അതു് വമ്പിച്ച ചരിത്രപ്രാധാ
ന്യം നേടിയെടുത്തതു്.

സാർവ്വദേശീയമായി വളർന്നുവന്നുകൊണ്ടിരുന്ന സാഹചര്യത്തി
ന്റെ പശ്ചാത്തലത്തിലും നക്സൽബാരി പ്രധാനമായിത്തീരുകയുണ്ടായി

സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ തിരുത്തൽവാദത്തിനെതിരായ സമരം മർമ്മപ്രധാനമായിത്തീർന്നിരിക്കുകയായിരുന്നു. ലോകതിരുത്തൽവാദത്തിനെതിരായ സമരത്തിൽ കൊളോണിയൽ അർദ്ധകൊളോണിയൽ രാജ്യങ്ങളിലെ വിമോചന പ്രസ്ഥാനങ്ങളുടെ വളർച്ച നിർണ്ണായക പ്രാധാന്യമുള്ള ഘടകമാണ്. ഇത്തരം രാജ്യങ്ങളിൽ എന്തുകൊണ്ടും സുപ്രധാനമായ ഒരു സ്ഥാനം വഹിക്കുന്ന രാജ്യമാണ് ഇന്ത്യ. വളരെക്കാലമായി തിരുത്തൽവാദം കൊടി കുത്തി വാണിരുന്ന ഇന്ത്യയിൽ, അതിനെ തകർത്തുകൊണ്ട് യഥാർത്ഥ വിപ്ലവശക്തികൾ സായുധ സമരത്തിന്റെ പാത സ്വന്തമായി കണ്ടെത്തിക്കൊണ്ട് മുന്നേറുകയെന്നതു് ആഗോളതലത്തിൽ തിരുത്തൽവാദത്തിനെതിരായി നടക്കുന്ന സമരത്തെ അങ്ങേ അററം സഹായിക്കും. അതുകൊണ്ടാണ് തിരുത്തൽവാദത്തിനെതിരായി സമരം ചെയ്തുകൊണ്ട് സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേക്ക് ഉയർന്നുവന്ന ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നക്സൽബാരി സമരത്തെ ഉയർത്തിപ്പിടിച്ചതു് ലോകത്തെമ്പാടുമുള്ള മാർക്സിസ്ററ്-ലെനിനിസ്ററുകളും മററു വിപ്ലവശക്തികളും അതിൽനിന്നു് ആവേശമുൾക്കൊണ്ടതും.

ഇന്ത്യയിലെമ്പാടുമുള്ള വിപ്ലവശക്തികൾ വിപ്ലവപരമായ ഒരു പാതയ്ക്കുവേണ്ടി ഉററുനോക്കിക്കൊണ്ടിരുന്നതുകൊണ്ടാണ് നക്സൽബാരിയെ അവർ ആവേശപൂർവ്വം സ്വീകരിച്ചതു്. തന്മൂലം നക്സൽബാരിക്കു പിന്നിൽ പ്രവർത്തിച്ച പ്രത്യയശാസ്ത്രവും അതിനു നേതൃത്വം നല്കിയ വിപ്ലവ പ്രസ്ഥാനങ്ങളും അഖിലേന്ത്യാതലത്തിൽ ഒരു പുതിയ വിപ്ലവപ്രസ്ഥാനം കെട്ടിപ്പടുക്കാനുള്ള അടിസ്ഥാനവും കേന്ദ്രവുമായിമാറി. നക്സൽബാരി സമരത്തിനു് നേതൃത്വം നല്കിയവരുടെ മുൻകയ്യിൽ, നക്സൽബാരിയെ മാതൃകയാക്കിക്കൊണ്ട് ഇന്ത്യയിലെമ്പാടും സായുധസമരം വളർത്താൻ തയ്യാറായവരുടെ ഒരു സംഘടന —കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ അഖിലേന്ത്യാ ഏകോപന സമിതി—രൂപംകൊണ്ടു. അതിന്റെ നേതൃത്വത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നക്സൽബാരി മാതൃകയിൽ സമരങ്ങൾ വളർന്നുവരാൻ തുടങ്ങി. ബീഹാറിലെ മുഷാഹരിയിലും പശ്ചിമ ബംഗാളിലെ ഗോപിവല്ലഭ്പൂരിലും ഉത്തരപ്രദേശിലെ ലഖിംപൂർഖേരിയിലും, ആന്ധ്രയിലെ ശ്രീകാകുളത്തും മററും അത്തരം സമരങ്ങൾ വളർന്നു

വരികയും പുതിയ തലങ്ങളിലേക്ക് ഉയരുകയും ചെയ്തു. ഇങ്ങിനെ സമരങ്ങൾ വളർന്നു വന്നതോടുകൂടി പ്രത്യയശാസ്ത്രപരവും സംഘടനാപരവുമായ പ്രശ്നങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഈ പുതിയ വിപ്ലവ പ്രസ്ഥാനത്തിനുള്ളിൽ രൂക്ഷമായ ആശയസമരങ്ങൾ വളർന്നു വന്നു. ആ ആശയസമരം മുമ്പെങ്ങുമില്ലാത്ത വിധം ഇന്ത്യൻ വിപ്ലവപ്രസ്ഥാനത്തെ കൂടുതൽ ഊർജ്ജസ്വലമാക്കിത്തീർത്തു. ശരിയും തെററുമായ ആശയങ്ങൾ തമ്മിൽ നടന്ന ആ സമരത്തിൽ തെററായവ പരാജയപ്പെടുകയും ശരിയായവ കൂടുതൽ ശക്തിയാർജ്ജിക്കുകയും ചെയ്തു. ഇങ്ങിനെ രാജ്യത്തിൻെറ വിവിധഭാഗങ്ങളിൽ വർഗ്ഗസമരവും അതോടൊപ്പം ആശയസമരവും വളർന്നുവന്നപ്പോൾ അവയെല്ലാം ശരിയായ നേതൃത്വം നൽകാൻ ഒരു ഏകോപന സമിതിക്ക് കഴിയില്ലെന്നു വന്നു. ജനാധിപത്യകേന്ദ്രീകരണത്തിൽ അധിഷ്ഠിതമായ ഒരു യഥാർത്ഥ മാർക്സിസ്ററ്–ലെനിനിസ്ററ പാർട്ടിയുടെ ആവശ്യം ചരിത്രം മുന്നോട്ടുവച്ചു. ഈ ചരിത്രപരമായ ആവശ്യത്തിൻെറ സൃഷ്ടിയെന്ന നിലക്ക് 1969 ഏപ്രിൽ 22–ാംനു- കമ്മ്യൂണിസ്റ്റ് വിപ്ലവകാരികളുടെ അഖിലേന്ത്യാ ഏകോപന സമിതി പിരിച്ചുവിടപ്പെടുകയും അതിൻെറ സ്ഥാനത്ത് സഖാവ് ചാരുമജുംദാരുടെ നേതൃത്വത്തിൽ സി. പി. ഐ. (എം. എൽ) രൂപീകൃതമാവുകയും ചെയ്തു.

രാഷ്ട്രീയ പ്രാധാന്യം

ചരിത്രപരമായ ഈ സംഭവവികാസങ്ങളിൽ നിന്നു തന്നെ നക്സൽബാരി സമരത്തിൻെറ രാഷ്ട്രീയപ്രാധാന്യം വ്യക്തമാണ്. എങ്കിലും പ്രശ്നം കുറച്ചുകൂടി ആഴത്തിൽ പരിശോധിക്കേണ്ടതുണ്ട്. നക്സൽബാരി സമരത്തെ വിലയിരുത്തിക്കൊണ്ട് 'നക്സൽബാരിക്ക് ശേഷം ഒരു വർഷം' എന്ന ലേഖനത്തിൽ സഖാവ് ചാരുമജുംദാർ ഇങ്ങിനെ പറഞ്ഞു: "ഭൂമിക്കും വിളകൾക്കും വേണ്ടിയല്ല, മറിച്ച് രാഷ്ട്രീയാധികാരം സ്ഥാപിച്ചെടുക്കുന്നതിനുവേണ്ടി ഉശിരൻ സമരങ്ങൾ നടത്തണം." ഇതാണ് നക്സൽബാരി നല്കുന്ന പാഠമെന്നു് സഖാവ് മജുംദാർ ചൂണ്ടിക്കാട്ടി. ഇത് അങ്ങേ അററം പ്രാധാന്യമർഹിക്കുന്ന ഒരു പാഠമാണ്. ലോകകമ്മ്യൂണിസ്ററ പ്രസ്ഥാനം ഉടലെടുത്ത അന്നുമുതൽ യഥാർത്ഥ കമ്മ്യൂണിസ്ററുകാർ ഒരു വശത്തും അവസരവാദികളും തിരുത്തൽവാദികളും മറുവശത്തുമായി നടന്നിട്ടുള്ള

എല്ലാ സമരങ്ങളിലും കേന്ദ്രപ്രശ്നം രാഷ്ട്രീയാധികാരത്തിന്റെ പ്രശ്നമായിരുന്നു. തൊഴിലാളിവർഗ്ഗത്തിന്റെയും മററു ജനകീയ ശക്തികളുടേയും രാഷ്ട്രീയാധികാരം സ്ഥാപിക്കുകയാണ് കമ്മ്യൂണിസ്ററ് പാർട്ടിയുടേയും വിപ്ലവപ്രസ്ഥാനത്തിന്റെയും കേന്ദ്രകടമയെന്ന പ്രശ്നത്തിൽനിന്നും വിപ്ലവശക്തികളുടെ ശ്രദ്ധ വഴിതിരിച്ചു വിടാനാണ് അവസരവാദികളും തിരുത്തൽവാദികളും എന്നും ശ്രമിച്ചുപോന്നിട്ടുള്ളത്. അതേസമയം രാഷ്ട്രീയാധികാരത്തിന്റെ പ്രശ്നത്തിന് ഊന്നൽ നൽകാനും എല്ലാ സമരങ്ങളെയും രാഷ്ട്രീയാധികാരത്തിനുവേണ്ടിയുള്ള സമരവുമായി ബന്ധിപ്പിക്കാനുമാണ് യഥാർത്ഥ കമ്മ്യൂണിസ്ററുകാർ എന്നും ശ്രമിച്ചുപോന്നിട്ടുള്ളത്; ഇന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നതും.

രാഷ്ട്രീയാധികാരത്തിന്റെ പ്രശ്നത്തിൽ നിന്നും തെലുങ്കാന സമരത്തെ വഴിത്തിരിച്ചു വിട്ടുകൊണ്ടാണ് അതിനെ വഞ്ചിക്കുന്നതിനുള്ള രാഷ്ട്രീയപശ്ചാത്തലം തിരുത്തൽവാദികൾ ഒരുക്കിയതു്. തെലുങ്കാനാസമരം രാഷ്ട്രീയാധികാരം പിടിച്ചുപററാനുള്ള സമരമായി നടത്തിയതു് തെററായിപ്പോയെന്നും, ഭൂമിക്കുവേണ്ടിയുള്ള സമരം മാത്രമായി അതിനെ ഒതുക്കണമെന്നുമാണ് തെലുങ്കാനാ സമരം പിൻവലിക്കാനുള്ള ന്യായീകരണമായി തിരുത്തൽ വാദികൾ സമർത്ഥിച്ചതു്. വിപ്ലവപ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അങ്ങേഅററം ആത്മഹത്യാപരമായ നിലപാടാണിതു്. ഈ ആശയം തെലുങ്കാനസമരത്തെ എവിടെക്കൊണ്ടെത്തിച്ചു എന്നു് ഇന്നു നമുക്കറിയാം. രാഷ്ട്രീയാധികാരത്തിന്റെ പ്രശ്നം ഉപേക്ഷിച്ചതോടെ വിപ്ലവകാരികൾ ആയുധങ്ങൾ അടിയറവെക്കാൻ നിർബ്ബന്ധിതരാവുകയും കർഷകർ പിടിച്ചെടുത്ത ഭൂമിയെല്ലാം അവർക്കു് നഷ്ടപ്പെടുകയും ചെയ്തു. ജന്മിമാരും മററു ചൂഷകവർഗ്ഗങ്ങളും തങ്ങളുടെ രാഷ്ട്രീയാധികാരം പുനഃസ്ഥാപിക്കുകയും കർഷകരെ പൂർവ്വാധികം ക്രൂരമായി ചൂഷണം ചെയ്യാനും മർദ്ദിച്ചൊതുക്കാനും തുടങ്ങുകയും ചെയ്തു. രാഷ്ട്രീയാധികാരത്തിന്റെ പ്രശ്നം മുന്നോട്ടു വെക്കുന്നവർ ഭൂമിയുടെയോ മററു സാമ്പത്തികാവശ്യങ്ങളുടേയോ പ്രശ്നം അവഗണിക്കുകയല്ല ചെയ്യുന്നതു്. മറിച്ചു് ഭൂമിയും മററു സാമ്പത്തികാവശ്യങ്ങളും നേടിയെടുക്കുകയും നിലനിർത്തുകയും ചെയ്യണമെങ്കിൽ രാഷ്ട്രീയാധികാരം പിടിച്ചെടുക്ക

ണമെന്ന പ്രശ്നം മുന്നോട്ടുവെക്കുകയാണ് അവർ ചെയ്യുന്നത്. ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നാളിതുവരെയുള്ള അനുഭവങ്ങൾ ഈ നിലപാടിന്റെ ശരി തികച്ചും തെളിയിച്ചിട്ടുമുണ്ട്.

തെലുങ്കാനാ സമരത്തെ വഞ്ചിക്കാൻ വേണ്ടി തിരുത്തൽ വാദകൾ ഈ ഗൂഢാലോചന നടത്തിയപ്പോൾ അത് മനസ്സിലാക്കി അതിനെതിരായി ശക്തമായ നിലപാടെടുക്കാൻ അവിടത്തെ കമ്മ്യൂണിസ്റ്റുകാർക്ക് കഴിഞ്ഞില്ല. ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആന്തരികദൗർബ്ബല്യമാണ് അതിലൂടെ പ്രകടമായത്. അതുകൊണ്ട് ആ ദൗർബ്ബല്യത്തെ മറികടക്കാൻ കെൽപുള്ള ഒരു പ്രസ്ഥാനത്തിനുമാത്രമേ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ ശരിയായ പാതയിലൂടെ മുന്നോട്ടു നയിക്കാൻ കഴിയൂ എന്നത് വ്യക്തമാണ്. രാഷ്ട്രീയാധികാരത്തിന്റെ പ്രശ്നത്തിനു് ഊന്നൽ നല്കിക്കൊണ്ട് വളർന്നു വന്ന നക്സൽബാരി സമരം ഈ കഴിവാണ് പ്രകടിപ്പിച്ചത് അതുകൊണ്ടുതന്നെയാണ് നക്സൽബാരി പ്രസ്ഥാനത്തെയും ഈ കേന്ദ്രപ്രശ്നത്തിൽനിന്ന് തിരിച്ചുവിടാനായി പുതിയ വേഷമണിഞ്ഞ തിരുത്തൽവാദികൾ നാനാവിധത്തിൽ നടത്തിയ ശ്രമങ്ങളെല്ലാം പരാജയപ്പെട്ടതും.

രാഷ്ട്രീയാധികാരത്തിന്റെ പ്രശ്നം വാക്കിൽ അംഗീകരിക്കുകയും എന്നാൽ അതിനെ അമൂർത്തമായി നിർത്തിക്കൊണ്ട് അതിൽനിന്ന് ഒഴിഞ്ഞുമാറുകയും ചെയ്യുന്ന അവസരവാദികളുടെ വാദമുഖത്തിനു് നക്സൽബാരി സമരം കനത്ത പ്രഹരമേല്പിച്ചു. അഖിലേന്ത്യാതലത്തിൽ കേന്ദ്രഭരണകൂടത്തെ തകർത്തുകൊണ്ട് ഒറ്റയടിക്ക് രാഷ്ട്രീയാധികാരം പിടിച്ചുപറ്റുക എന്ന കാഴ്ചപ്പാടല്ല ഇന്ത്യൻ വിപ്ലവത്തിനു് മുന്നിലുള്ളതെന്നും, പ്രാദേശികതലത്തിൽ തന്നെ ജനങ്ങളുടെ രാഷ്ട്രീയാധികാരം സ്ഥാപിച്ചുകൊണ്ട് പടിപടിയായി മുന്നേറുന്ന ജനകീയയുദ്ധത്തിന്റെ പാതയാണ് ഇന്ത്യൻ വിപ്ലവത്തിന്റെ പാതയെന്നും നക്സൽബാരി സമരം തെളിയിച്ചു. ഇങ്ങിനെ രാഷ്ട്രീയാധികാരം സ്ഥാപിക്കാനുള്ള സമൂർത്തപരിപാടി മുന്നോട്ടുവെക്കപ്പെട്ടതോടുകൂടി രാഷ്ട്രീയാധികാരത്തെ അമൂർത്തമായി കണ്ടുകൊണ്ട് വിപ്ലവത്തിനു് സമയമായില്ല എന്നു മുറവിളി കൂട്ടുന്ന എല്ലാത്തരം തിരുത്തൽവാദിക

ളുടേയും വാദമുഖങ്ങളും പൊളിഞ്ഞുവീണു. അവരുടെ ഉപജാപങ്ങളും കൊന്നും ഇന്ത്യൻ വിപ്ലവത്തെ തടഞ്ഞുനിറുത്താനാവില്ലെന്നു വന്നു

വിപ്ലവപ്രസ്ഥാനത്തിന്റെ വളർച്ച

നക്സൽബാരിസമരത്തെ കേന്ദ്രമാക്കിക്കൊണ്ടു വളർന്നുവന്ന വിപ്ലവപ്രസ്ഥാനം അതിവേഗം മുന്നേറുകയുണ്ടായി. 1969 ഏപ്രിലിൽ സി. പി. ഐ. (എം. എൽ) രൂപീകരിക്കപ്പെട്ടതിനുശേഷം അതിന്റെ കേന്ദ്രസംഘടനാകമ്മററിയുടെ മുൻകയ്യോടെ 1970 മേയിൽ പാർട്ടി കോൺഗ്രസ്സ് വിളിക്കപ്പെടുകയും പാർട്ടി പരിപാടി അംഗീകരിക്കുകയും ചെയ്തതോടെ ഇന്ത്യൻ വിപ്ലവത്തെ അഭിമുഖീകരിക്കുന്ന പ്രത്യയശാസ്ത്രപരവും പ്രായോഗികവുമായ അടിസ്ഥാനപ്രശ്നങ്ങൾക്കെല്ലാം ശരിയായ ഉത്തരം കണ്ടെത്തി.

ഇന്ത്യൻഭരണകൂടത്തിന്റെ തലപ്പത്തിരിക്കുന്നവർ അമേരിക്കൻ സാമ്രാജ്യത്വത്തിന്റേയും സോവിയറ്റ് സോഷ്യൽ സാമ്രാജ്യത്വത്തിന്റേയും പിണിയാളുകളായ ഫ്യൂഡലിസ്റ്റുകളും, ദല്ലാൾ-ഉദ്യോഗസ്ഥമേധാവിത്വബൂർഷ്വാസിയും ഉൾപ്പെടുന്ന പിന്തിരിപ്പൻ വർഗ്ഗങ്ങളാണെന്നു് നിശ്ചയിക്കപ്പെട്ടു. ഈ നാലു ശത്രുക്കൾക്കെതിരായ സമരം വിജയിക്കുന്നതിലൂടെ മാത്രമേ ഇന്ത്യൻ വിപ്ലവം വിജയത്തിലെത്തുകയുള്ളു. സാമ്രാജ്യത്വ-സോഷ്യൽ സാമ്രാജ്യത്വശക്തികളും ഇന്ത്യൻ ജനതയും തമ്മിലും ബൂർഷ്വാസിയും തൊഴിലാളി വർഗ്ഗവും തമ്മിലും ഫ്യൂഡലിസ്റ്റുകളും കർഷകജനതയും തമ്മിലും ഭരണവർഗ്ഗങ്ങൾ തമ്മിൽ തമ്മിലുമുള്ള പ്രധാന വൈരുദ്ധ്യങ്ങളിൽ ഫ്യൂഡലിസ്റ്റുകളും കർഷകജനതയും തമ്മിലുള്ളതാണ് മുഖ്യവൈരുദ്ധ്യമെന്നും ആ വൈരുദ്ധ്യം പരിഹരിക്കുന്നതിലൂടെ മററു വൈരുദ്ധ്യങ്ങൾ പരിഹരിക്കാനുള്ള വഴിയൊരുങ്ങുമെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. കർഷകവിപ്ലവവും കാതലായുള്ള പുത്തൻജനാധിപത്യവിപ്ലവമാണ് ഇന്ത്യൻ വിപ്ലവത്തിന്റെ ഇന്നത്തെ ഘട്ടമെന്നു് നിർണ്ണയിക്കപ്പെട്ടു, തൊഴിലാളി വർഗ്ഗത്തിന്റെ നേതൃത്വത്തിൽ ദരിദ്ര-ഭൂരഹിത കർഷകരെ ആശ്രയിച്ചുകൊണ്ടും ഇടത്തരം കർഷകരേയും പെററിബൂർഷ്വാസിയേയും സഖ്യശക്തികളാക്കിക്കൊണ്ടും ധനികകർഷകരിലും ദേശീയ ബൂർഷ്വാസി

യ്ലും പെട്ട ഒരു വിഭാഗത്തെ നിഷ്പക്ഷമാക്കുകയും മറെറാരു വിഭാഗത്തെ നേടിയെടുക്കുകയും ചെയ്തുകൊണ്ട് പടിപടിയായി സായുധസമരത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെടുന്ന ഒരു ഐക്യമുന്നണിയാണ് പുത്തൻ ജനാധിപത്യവിപ്ലവം പൂർത്തീകരിക്കുക. ഈ ഐക്യമുന്നണിയേയും സായുധ സമരത്തേയും ഉപയോഗപ്പെടുത്തിക്കൊണ്ട് വിപ്ലവത്തെ വിജയത്തിലെത്തിക്കുന്നതിന് നേതൃത്വം നല്കുകയാണ് സി. പി. ഐ. (എം. എൽ) ന്റെ ചരിത്രപരമായ കടമ.

ഇന്ത്യൻ വിപ്ലവത്തെക്കുറിച്ചുള്ള ഈ അടിസ്ഥാനവീക്ഷണം രൂപികരിക്കപ്പെട്ടതോടെതന്നെ പുത്തൻ ജനാധിപത്യവിപ്ലവത്തിന്റെ ഘട്ടത്തിൽ ഉപയോഗിക്കേണ്ട സായുധസമരത്തിന്റെ രൂപം എന്ത് എന്ന പ്രശ്നത്തിനും ഉത്തരം കണ്ടെത്താനുള്ള ശ്രമങ്ങൾ നടക്കുകയുണ്ടായി. നക്സൽബാരി സമരം, സായുധകർഷകസമരത്തിന്റെ പാതയാണ് ഇന്ത്യൻ വിപ്ലവത്തിന്റെ പാതയെന്ന് തെളിയിച്ചു. എന്നാൽ ആ സായുധസമരത്തിന്റെ ഏററവും ഫലപ്രദമായ രൂപം എന്ത് എന്ന പ്രശ്നം പിന്നേയും അവശേഷിച്ചു. ശ്രീകാകുളത്തെ ദരിദ്രകർഷകരാണ് പ്രശ്നത്തിന് ഉത്തരം നൽകിയത്. അവർ ഗറില്ലാസമരമുറയാണ് ഏററവും ഫലപ്രദമായ സമരമുറയെന്ന് തെളിയിച്ചു. വർഗ്ഗ ശത്രുക്കളെ ഉന്മൂലനം ചെയ്തുകൊണ്ടാണ് അവർ ഗറില്ലാസമരമുറക്ക് ആരംഭം കുറിച്ചത്. വർഗ്ഗശത്രുക്കളെ ഉന്മൂലനം ചെയ്യുന്ന സമരം വർഗ്ഗസമരത്തിന്റെ ഉയന്ന രൂപവും ഗറില്ലാസമരത്തിന്റെ ആരംഭവുമാണെന്ന് സ: ചാരുമജുംദാർ നിർവ്വചിച്ചു. അതോടെ സാമ്പത്തിക സമരവാദത്തെ പരാജയപ്പെടുത്തിക്കൊണ്ട് രാഷ്ട്രീയാധികാരത്തിനുവേണ്ടിയുള്ള സമരത്തെ മുന്നോട്ടു കൊണ്ടുപോകാനുള്ള സമരം ശക്തിപ്പെട്ടു. ഈ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് ഗറില്ലായുദ്ധ മുറയാണ് പുത്തൻ ജനാധിപത്യവിപ്ലവത്തിന്റെ ഘട്ടത്തിലുടനീളം ഉപയോഗിക്കാവുന്ന മുഖ്യസമരരൂപമൊ പാർട്ടിപരിപാടി ചൂണ്ടിക്കാട്ടിയത്.

പാർട്ടി കോൺഗ്രസ്സിനുശേഷം ഈ ഗറില്ലാസമരം ശത്രുവിൽ നിന്ന് തോക്കുകൾ തട്ടിയെടുക്കുന്ന ഘട്ടത്തിലേക്കും ജനകീയസേന രൂപീകരിക്കുന്ന ഘട്ടത്തിലേക്കും വികസിക്കുകയുണ്ടായി. 1970 അവസാനം മാഗുർജാനിൽ ദരിദ്ര ഭൂരഹിതകർഷകർ ശത്രുസേനകളിൽനിന്ന് തോക്കുകൾ തട്ടിപ്പറിച്ചെടുത്തുകൊണ്ട് ആരംഭിച്ച സമരം ഭരണകൂടോ

പകരണങ്ങൾക്കെതിരായ സമരത്തിന്റെ ഘട്ടത്തിലേക്കു് ഇന്ത്യൻ വി
പ്ലവത്തെ ഉയർത്തിയിരിക്കുന്നു എന്നു് സ:മജുംദാർ ചൂണ്ടിക്കാട്ടി. അ
തോടുകൂടി ജനകീയസേന രൂപീകരിക്കാനുള്ള സമരം മുന്നോട്ടുപോയി.
1971 കാലത്തു് പശ്ചിമബംഗാളിലെ ബീർഭമിൽ ജനകീയസേന രൂ
പീകരിക്കപ്പെട്ടുകൊണ്ടു് സമരം പുതിയ ഘട്ടത്തിലേക്കു് വളരുകയു
ണ്ടായി.

1970 മേയിലെ പാർട്ടി കോൺഗ്രസ്സിനുശേഷം രംഗത്തുവന്ന വ
വിധ അവസരവാദികളെയും വർഗ്ഗവഞ്ചകരെയും പരാജയപ്പെടുത്തി
ക്കൊണ്ടാണു് പ്രസ്ഥാനം ഇങ്ങിനെ മുന്നേറിയതു്. വഞ്ചകനേതൃത്വം
തെലുങ്കാനാ സമരത്തെ വഞ്ചിച്ചതുപോലെ, സത്യനാരായണസിങ്ങി
നെപ്പോലുള്ള വർഗ്ഗവഞ്ചകന്മാർ നക്സൽബാരി സമരത്തെയും വഞ്ചി
ക്കാൻ ഒരു വൃഥാ ശ്രമം നടത്തുകയുണ്ടായി. അവർ രാഷ്ട്രീയാധികാ
രത്തിന്റെ പ്രശ്നത്തിൽനിന്നും പ്രസ്ഥാനത്തെ വഴിതെററിച്ചു് സാമ്പ
ത്തികസമരങ്ങളുടെ ചെളിക്കുണ്ടിലേക്കു് വലിച്ചിഴക്കാൻ ശ്രമിച്ചു
കനുസന്യാൽ, അഷിം ചാററർജി തുടങ്ങിയ അവസരവാദികളും സത്യ
നാരായൺസിങ്ങിന്റെ കൂടെ ചേർന്നു. പക്ഷേ വിപ്ലവപ്രസ്ഥാന
ത്തിന്റെ ഗുണപരമായ വളർച്ചയും സ: ചാരുമജുംദാരുടെ നേതൃത്വവും
നിമിത്തം ഈ വർഗ്ഗവഞ്ചകന്മാർ തുറന്നുകാട്ടപ്പെടുകയും വിപ്ലവ അ
ണികൾ അവരെ ഒററപ്പെടുത്തുകയും ചെയ്തു. ഇന്നു് അത്തരം അവസ
രവാദികളെല്ലാം തെരഞ്ഞെടുപ്പു പാർട്ടികളുടെ വാലായിത്തീർന്നിരിക്കു
കയാണു്

1972 ജൂലായിൽ സ: ചാരുമജുംദാർ രക്തസാക്ഷിയായതിനു
ശേഷം വിപ്ലവപ്രസ്ഥാനത്തെ വഴിതെറ്റിക്കാനുള്ള ആസൂത്രിതശ്രമങ്ങൾ
നടക്കുകയുണ്ടായി, സ:ചാരുമജുംദാരുടെ വിപ്ലവലൈനിന്റെ മറ
വിൽ ലിൻപിയാവോവായിസ്റ്റുകൾ പാർട്ടിയുടെ നേതൃത്വം പിടിച്ചെടു
ക്കാൻ ശ്രമിക്കുകയുണ്ടായി. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ പ്രവർ
ത്തിച്ചുകൊണ്ടിരുന്ന സി. പി ഐ .(എം. എൽ) കാഡർമാർ ഈ വ
ഞ്ചന തുറന്നുകാട്ടുകയും അതിനെ പരാജയപ്പെടുത്തുകയും ചെയ്തു. ഈ
സമരത്തിന്റെ ഫലമായി ബീഹാറിലെ ഭോജ്പൂർ കേന്ദ്രമാക്കിക്കൊ
ണ്ടു് സമരം വിമോചിതമേഖലകൾ സ്ഥാപിക്കുന്നതിലേക്കു് വളരു

യുണ്ടായി. പക്ഷേ, പിന്നെയും അവസരവാദികൾ അവിടത്തെ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കടന്നുകൂടുകയും വളരെയധികം വില കൊടുത്തു വളർത്തിക്കൊണ്ടുവന്ന ആ പ്രസ്ഥാനത്തെ സത്യനാരായണൻ സംഘിന്റെയും മററും പാളയത്തിൽ കൊണ്ടെത്തിക്കുകയും ചെയ്തു.

ചെയർമാൻ മാവോയുടെ നിര്യാണത്തെത്തുടർന്ന് ചൈനയിൽ മുതലാളിത്തപാതക്കാർ അധികാരം പിടിച്ചുപററിയതോടെ സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ ആരംഭിച്ച ആശയസമരം ഇന്ത്യൻ വിപ്ലവപ്രസ്ഥാനത്തിലും, മാർക്സിസവും തിരുത്തൽവാദവും തമ്മിലുള്ള പുതിയ ധ്രുവീകരണത്തിന്ന് വഴിവെച്ചു. ഇപ്പോൾ സ: ചാരുമജുംദാരുടെ വിപ്ലവലൈനിനേയും അതുവഴി നക്സൽബാരി സമരത്തെയും നേരിട്ടും പരോക്ഷമായും ആക്രമിച്ചിരുന്ന എല്ലാത്തരം അവസരവാദികളും ചൈനയിലെ പുതിയ തിരുത്തൽവാദ നേതൃത്വത്തിന്റെ പിന്നിൽ അണിനിരന്നിരിക്കുകയാണ്. സാർവ്വദേശീയ കമ്മ്യൂണിസ്ററ പ്രസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുന്ന ആശയസമരത്തിൽ യാതൊരു വിട്ടുവീഴ്ചക്കും തയ്യാറാകാതെ മാർക്സിസം-ലെനിനിസം-മാവോസേതുങ്ങ് ചിന്തയുടെ വിപ്ലവപരമായ അന്തസ്സത്ത ഉയർത്തിപ്പിടിച്ചുകൊണ്ടും സഖാവ് ചാരുമജുംദാരുടെ വിപ്ലവലൈനിൽ നിന്നു് വ്യതിചലിക്കാതെയും ഇന്ത്യയിലെമ്പാടുമുള്ള യഥാർത്ഥ വിപ്ലവകാരികൾ ചൈനയിലെ പുതിയ തിരുത്തൽവാദ നേതൃത്വത്തിന്റെ ഇന്ത്യൻ ഏജൻറുകളെ പരാജയപ്പെടുത്തിക്കൊണ്ട് അഖിലേന്ത്യാതലത്തിൽ പുതിയ ഐക്യം കെട്ടിപ്പടുത്തുകൊണ്ട് മുന്നേറുകയാണ്. നക്സൽബാരി സമരത്തോടുകൂടി ആരംഭിച്ച ഇന്ത്യൻ വിപ്ലവത്തിന്റെ പുതിയ ഘട്ടത്തെ അവർ വിജയകരമായ പരിസമാപ്തിയിൽ എത്തിക്കുകതന്നെ ചെയ്യും.